# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 594 08/07/2014-ൽ മറുപടിയ്ക്ക്

## തീരദേശ വികസന കോർപ്പറേഷൻ മുഖേന അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>ശ്രീ. എസ്. ശർമ്മ:<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:<br>ശ്രീ. സി. കെ. സദാശിവൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തീരദേശ വികസന കോർപ്പറേഷൻ പുതുതായി എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ; | (എ) 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുത്ത 470 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി"യ്ക്ക് ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചു. ഇതു കൂടാതെ ഹഡ്കോയിൽ നിന്നോ, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ 150 കോടി രൂപ വായ്പയെടുത്ത് 7500 ഭവന രഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതിയും, 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 12 മത്സ്യഗ്രാമങ്ങളെ സംയോജിത മത്സ്യഗ്രാമ പദ്ധതിയിലുൾ പ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.<br><br>ഇതോടൊപ്പം 6000-ത്തോളം ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഭവനം നിർമ്മിച്ചു നൽകുന്നതിന് 360 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിയും, മത്സ്യം ഉല്പാദകനിൽ നിന്നും ഉപഭോക്താവിലേക്ക് കേടുകൂടാതെയും ശുചിയായും എത്തിക്കുന്ന തിനായി ഒരു ശീതീകരണ ശൃംഖലാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 50 കോടി രൂപ അടങ്കൽ തുകയിൽ "ബോട്ട് ടു പ്ലേറ്റ്" എന്ന പദ്ധതിയും 14-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ച് 123.82 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. കൂടാതെ 28 കോടി രൂപയുടെ പദ്ധതികൾ നബാർഡിന്റെ പരിഗണനയിലുമാണ്. |

(ബി) തീരദേശ മേഖലയിലെ എല്ലാവർക്കും വീട്, കുടിവെള്ള - ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതി - ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്താൻ സാധിച്ചിട്ടുണ്ടോ; ഈ രംഗത്ത് പ്രഖ്യാപിച്ചിരുന്നതും നാളിതുവരെ നടപ്പിലാക്കാതിരുന്നതുമായ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഏതെല്ലാം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുത്ത 470 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു.

ഇതു കൂടാതെ തീരദേശ മേഖലയിൽ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനായി 4.70 കോടി രൂപയുടെ അടങ്കൽ തുകയിൽ അടിമലത്തുറ, മാതൃകാ മത്സ്യഗ്രാമ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. ഇതിനുപുറമെ കുടിവെള്ള - ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതി - ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ, കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി എന്നിവ നടപ്പിലാക്കുന്നു. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ആഫീസർ**